പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2989
18.10.2016-ൽ മറുപടി നൽകേണ്ടത്

## സഹകരണ ബാങ്കു മുഖേന നല്കിയ ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ

**ചോദ്യം**
ശ്രീ. പി കെ അബ്ദു റബ്ബ്

**ഉത്തരം**
ശ്രീ. ടി എം തോമസ് ഐസക്
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സഹകരണ ബാങ്കു മുഖേന നല്കിയ ക്ഷേമപെൻഷൻ വിതരണത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; | ഇല്ല . ഗൗരവതരമായ പരാതികൾ ലഭിച്ചിട്ടില്ല . |
| (ബി) | പെൻഷൻ വിതരണം ചെയ്യുന്നതിന് ബാങ്ക് ജീവനക്കാർ കമ്മീഷൻ വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) | സ്ഥിരതാമസമുള്ള പലരുടെയും പെൻഷൻ സ്ഥലത്തില്ല എന്ന പറഞ്ഞ് മടക്കിയത് തിരികെലഭിക്കുവാനുള്ള നടപടിക്രമമെന്താണ്; പെൻഷൻ തിരികെ നല്കാനുള്ള വ്യവസ്ഥാപിത നടപടി സ്വീരിക്കുമോ; | പെൻഷനർ സ്ഥലത്തില്ല എന്ന കാരണത്താൽ മടക്കിയിട്ടുള്ള പെൻഷനുകൾ ബന്ധപ്പെട്ട ബാങ്ക് അധികൃതർ മോണിറ്ററിങ് സമിതിയുടെ ഫോറം 3 ൽ ഉള്ള ശുപാർശ പഞ്ചായത്ത് ഡയറക്ടറേറ്റിലെ ഡി ബി ടി സെല്ലിന് നൽകുന്ന പക്ഷം വീണ്ടും വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുന്നതാണ് . |
| (ഡി) | ജീവിച്ചിരുന്ന കാലത്ത് ലഭിക്കേണ്ടിയിരുന്ന പെൻഷൻ പെൻഷണർ മരിച്ച പോയാൽ അവകാശികൾക്ക് നല്കുമോ; എങ്കിൽ അതിനുള്ള നടപടിക്രമം വിശദമാക്കുമോ? | ഇല്ല. ബാധകമല്ല. |

സെക്ഷൻ ഓഫീസർ